# LITTLE KITES STUDENTS



## L.F.H.S PANAYIKULAM

# ഡിജിറ്റൽ മാഗസിൻ

തയ്യാറാക്കിയത്:

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

യൂണിറ്റ് നമ്പർ:

LK/2018/25105

## ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ പാനായിക്കുളം




2020

# പത്രാധിപ സമിതി

പ്രിൻസിപ്പൾ : സിസ്റ്റർ ആനീസ്

ചീഫ് എഡിറ്റർ : ജെഫ്ന പൊട്ടത്താസ്

സ്റ്റാഫ് എഡിറ്റേഴ്സ് : ബ്രിജിറ്റ് ഫെലിക്സ്

ക്രിസറ്റ കെ.എ

ജൂഡി പീറ്റർ

സ്റ്റുഡന്റ് എഡിറ്റേഴ്സ് : അഗസ്റ്റസ് ജോസഫ്

ആബേൽ ജോസഫ്

എൽന സൂസൻ

കവർ ചിത്രം : അഗസ്റ്റസ് ജോസഫ്

ആബേൽ ജോസഫ്

# കൈറ്റ്സിലെ അംഗങ്ങൾ

| | |
|---|---|
| ആബേൽ ജോസഫ് | എൽന സൂസൻ |
| അഗസ്റ്റസ് ജോസഫ് | ജിൻ മരിയ |
| മുഹമ്മദ് സുഹൈൽ ഷാ | നന്ദന കെ എസ് |
| സഞ്ജയ് കെ എസ് | ഫാത്തിമ ജിസ്ന പി എം |
| അനന്ദ സാഗർ | റിദീന റോബേർട്ട് |
| അർജ്ജുൻ പി.കെ | ശിഖ സുനി |
| ജോയൽ സി സജി | ശ്രേയ പി എസ് |
| ആൽഡിൻ ഡെന്നി | അനഘ ബാബു |
| ഇമ്മാനുവൽ ഡൊമിനിക് ജോബി | സ്മന്യ ഇ എസ് |
| അഭിജിത്ത് എ എസ് | ദിയ രാജു |
| വിഷ്ണു കെ എസ് | വിഷ്ണുപ്രിയ എ വി |
| ഇബ്രാഹിം ബാദുഷ | ദേവിനന്ദന ബിജു |
| വൈഷ്ണവ് ചന്ദ്രൻ | മേരി അൽന ജോസ് |
| ജെസ്ബൽ ജോഷി | ആഷിന ബഷീർ |
| ഫാത്തിമ ഷൗകത്ത് | ശ്രീലക്ഷ്മി എ ബി |

## ഞങ്ങളുടെ കൊച്ചുത്രേസ്യ ടീച്ചറിന് യാത്ര മംഗളങ്ങൾ







| നം. | ഉള്ളടക്കം | വിഭാഗം |
|---|---|---|
| 1 | സന്ദേശം | |
| 2 | ലിറ്റിൽ കൈറ്റ്സിന്റെ ഉത്ഭവം | |
| 3 | എന്റെ കേരളം | കവിത |
| 4 | മണ്ണിന്റെ മക്കൾ | ലേഖനം |
| 5 | സൗന്ദര്യ ലഹരി | കവിത |
| 6 | പാവം വിളക്ക് | കഥ |
| 7 | അമ്മ പഠിപ്പിച്ചവ | കവിത |
| 8 | അശാന്തി ഗീതം | കവിത |
| 9 | ബുദ്ധിമാൻ | കഥ |
| 10 | കളിക്കൂട്ടുകാർ | കവിത |

| | | |
|---|---|---|
| 11 | നമ്മുടെ പ്രകൃതി | ലേഖനം |
| 12 | കുസൃതി ചോദ്യം | ക്വിസ് |
| 13 | ആർക്ക് വേണ്ടി? | കവിത |
| 14 | അച്ഛൻ | കവിത |
| 15 | മുതലെയും പിടക്കോഴിയും | കഥ |
| 16 | കാരണങ്ങൾ തേടുന്ന | കവിത |
| 17 | കൊഴിഞ്ഞ് വീഴുന്നൊരില | കവിത |
| 18 | തനിച്ച് | കവിത |
| 19 | മഴവില്ല് | കവിത |
| 20 | ഉറുമ്പും പ്രാവും | കഥ |

# സന്ദേശം

ലോകത്തിന്റെ വിവരസാങ്കേതിക വിദ്യയുടെ വളർച്ചയിൽ നമ്മുടെ കുട്ടികളും ഭാഗഭാക്കുകളാകുവാൻ, അപകർഷതാബോധം തെല്ലുമില്ലാതെ ഉയർന്ന വിദ്യാഭ്യാസ മേഖലകളിൽ മറ്റുള്ളവർക്കൊപ്പം നിൽക്കാൻ, ആവശ്യമായ ശേഷികൾ നേടുവാൻ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ചെയ്തുവരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി രൂപം കൊണ്ട ഈ ഡിജിറ്റൽ മാഗസിൻ അനാവരണം ചെയ്യുന്നതിൽ ഞാൻ അഭിമാനിച്ച് കൊള്ളുന്നു. കുട്ടികളുടെ ക്രിയാത്മകമായ കഴിവുകളും മേന്മയും വെളിപ്പെടാൻ ഇതുപകരിക്കും എന്ന് എനിക്കുറപ്പുണ്ട്. കുട്ടികളുടെ നന്മയും ഒത്തൊരുമയും സർഗ്ഗാത്മകതയും അവരുടെ അക്ഷരങ്ങളിലൂടെയും മൊഴികളിലൂടെയും വെളിപ്പെടുന്നു. ഈ മാഗസിൻ പൂർണ്ണതയിൽ എത്തിക്കാൻ പരിശ്രമിച്ച എല്ലാ കുട്ടികൾക്കും നേതൃത്വം കൊടുത്ത അദ്ധ്യാപകർക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

എന്ന്,

സി.ആനിസ് കെ.വി

ഹെഡ് മിസ്ട്രസ്

# ലിറ്റിൽ കൈറ്റ്സിന്റെ ഉത്ഭവം

രാജ്യത്തിന് മാതൃകയായി സംസ്ഥാന വിദ്യാലയങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഹൈടെക് ആകുമ്പോൾ വിദ്യാലയങ്ങളുടെ പരിപാലനത്തിനും ഹൈടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനും വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനവും ഫലപ്രദമായി വർദ്ധിപ്പിക്കേണ്ടതുണ്ട്.ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു സംഘം കുട്ടികളെ വിദ്യാലയത്തിൽ തന്നെ സജ്ജരാക്കുന്നതിന് ആരംഭിച്ച ' ഹായ് സ്കൂൾ കുട്ടിക്കൂട്ടം'പദ്ധതി കൂടുതൽ ഘടനാപരമായ പരിഷ്കാരങ്ങളോടെ ലിറ്റിൽ കൈറ്റ്സ് എന്ന പേരിൽ 2018 ജനുവരി 22 ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

വിവരവിനിമയ സാങ്കേതിക വിദ്യാരംഗത്ത് കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താത്പര്യത്തെല പരിപോഷിപ്പിക്കുക,സാങ്കേതിക വിദ്യയും സോഫ്റ്റവെയറുകളും ഉപയോഗിക്കുമ്പോൾ പരിപാലിക്കേണ്ട മൂല്യങ്ങളും സംസ്കാരവും അവരിൽ സ്രഷ്ടിച്ചെടുക്കുക,വിദ്യാലയങ്ങളിലെ സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗവും നടത്തിപ്പും,പരിപാലനവും

*10*

കാര്യക്ഷമമാക്കുന്നതിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുക എന്നിവയൊക്കെയാണ് ലിറ്റിൽ കൈറ്റ്സിന്റെ ലക്ഷ്യങ്ങൾ.വിവിധ മേഖലകൾ ഉൾക്കൊള്ളുന്ന ലിറ്റിൽ കൈറ്റ്സിൽ ആനിമേഷൻ, പ്രോഗ്രാമിങ്ങ്, മൊബൈൽ ആപ് നിർമ്മാണം,ഗ്രാഫിക്ക് ഡിസൈനിങ്ങ്, മലയാളം കംപ്യൂട്ടിങ്ങ്, ഹാർഡ് വെയർ, ഇലക്ട്രോണിക്സ്,
റോബോട്ടിക്കസ്,സൈബർസുരക്ഷ, വെബ് ടിവി എന്നിവ ഉൾക്കെള്ളുന്നു.

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

2020

# എന്റെ കേരളം

വെള്ളിക്കരയിട്ട മാരതക പട്ടുചുറ്റി
മണ്ണിൻ മകുടമായി വിളങ്ങും
ലാവണ്യവതി മനശാന്തിതരും
മ്മ ജന്മ നാടേ മനോഹരി
കളകളമൊഴുകി സ്ന്ദിശ
മടിതട്ടു കാണുമാറഴകാർന്ന
രുവികളുമതിരിൽ മേഘ മേലാപ്പ-
തൊരു മുത്തുംഗ മേരുക്കളും
പച്ചപാപട്ടു പാവാടയിൽ മിന്നും
വെള്ളി സൂലിഴപോലസംഖ്യം
ഗീതളമാമലഞ്ഞൊറിയിളകും
കോമളനന്ദികളുമീറൻ തടങ്ങളും

-ആൽഡിൻ ഡെന്നി

# മണ്ണിന്റെ മക്കൾ

ഗ്രാമത്തിലെ ഒരു കഠിനാധ്വാനിയായ കർഷകനായിരുന്നു വാസുദേവൻ. അയാൾക്ക് മൂന്ന് ആൺകുട്ടികളും രണ്ട് പെൺകുട്ടികളും ഉണ്ടായിരുന്നു. അയാളുടെ ഭാര്യയുടെ പേര് കൗസല്യ എന്നാണ്. അയാളുടെ മൂന്ന് ആൺകുട്ടികളും അയാളെ കൃഷിയിൽ സഹായിക്കുമായിരുന്നു.

മണ്ണിൽ പൊന്നു വിളയിക്കുന്ന കർഷകൻ ആയിരുന്നുവെങ്കലും അയാളുടെ ജീവിതം ദാരിദ്രവും പട്ടിണിയും നിറഞ്ഞതായിന്നു.

# 13

തന്റെ വിളകൾക്ക് തക്കതായ പ്രതിഫലം ലഭിക്കാത്തതായിരുന്നു അയാളുടെ ദാരിദ്ര്യത്തിനു കാരണമായിത്തീർന്നത്. ദാരിദ്ര്യത്തിലാണെങ്കിലും അയാൾ മണ്ണുമായുള്ള ബന്ധം വിച്ഛേദിക്കുന്നില്ല.

-എൽന സൂസൻ



# സൗന്ദര്യ ലഹരി

പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ
കാണ്മൂ പശ്ചിമാംബരത്തിൻ പനിനീർ
പൂന്തോട്ടങ്ങൾ ഇത്തരം
സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയിട്ടെത്ര
കാലമാ,യെന്നാ
ലിനിയും തീർന്നില്ലല്ലോ!
ഓരോരോദിവസവുമത്യനർഘമായിട്ടും
ചാരുതയൊന്നീലോകഗോളത്തെ
പ്പുതുക്കുന്നു

-ആബേൽ ജോസഫ്

# പാവം വിളക്ക്

കുട്ടപ്പൻെറ വീട്ടിൽ ഒരു മണ്ണെണ്ണ വിളക്കുണ്ടായിരുന്നു.ആ മുറിയിലെ ബൾബ് ഒരു ദിവസം മണ്ണെണ്ണ വിളക്കിനെ കളിയാക്കിക്കൊണ്ട് പറഞ്ഞു: 'വിളക്കേ , വിളക്കേ നിനക്ക് വെളിച്ചം തീരെ കുറവാ ,എന്നെ കണ്ടോ ? എനിക്കെന്തൊരു പ്രകാശമാ . നീ കത്താത്തതും കത്തുന്നതും ഒരുപോലാ.....ഹ..ഹ..' ബൾബ് മണ്ണെണ്ണ വിളക്കിനെ കളിയാക്കി ചിരിച്ചു.

പാവം മണ്ണെണ്ണ വിളക്ക് അതിന് സങ്കടം വന്നു. ആ സമയം ശക്തമായ കാറ്റും മഴയുമുണ്ടായി കറൻറു പോയി . കുട്ടപ്പൻെറ ഭാര്യ അപ്പോൾ

മണ്ണെണ്ണ വിളക്കിന് തീ കൊളുത്തിക്കൊണ്ട് പറഞ്ഞു : ‘ഈ കറൻറ് എന്നും ഇങ്ങനെയാ .ശക്തമായ കാറ്റും മഴയും വന്നാൽ കറൻറ് പോകും. വിളക്കുള്ളതുകൊണ്ട് ഇത്തിരിയെങ്കിലും വെളിച്ചം കാണാം . കറൻറ് ഇല്ലെങ്കിൽ ഈ ബൾബ് എന്തിനു കൊള്ളാം’

ആ വാക്കുകൾ കേട്ട് ബൾബ് നാണിച്ചു പോയി. മണ്ണെണ്ണ വിളക്കിന് സന്തോഷമായി. അത് കുടുതൽ ശോഭയിൽ തെളിഞ്ഞുക്കത്താൻ തുടങ്ങി.

-അനഘ



# അമ്മ പഠിപ്പിച്ചവ

ഓരോ മുള്ളിനുമപ്പുറം
പുലരുന്ന പൂക്കളെ
കാണാൻ പഠിപ്പിച്ചെന്നെ
വളർത്തിയോളമ്മ
കുരമ്പുകൾ വന്നെൻെ്റ
ചോരയിറ്റിക്കെ...ഒരു
ചിരിപ്പു വിടർത്താൻ
കരുത്തു തന്നവൾ

കറുത്ത രാത്റികൾ
കാലുതെറ്റിക്കെ... ഒരു
പൂനിലാവെട്ടമായ്

# 18

**കാൽ നടത്തിയോൾ**

**സഹനകാലത്തി**

**ന്നിടവപ്പാതിയിൽ**

**മഴ നനക്കാതെൻ**

**താങ്ങായി നിന്നവൾ**

**-ഇബ്രാഹിം ബാദുഷ**



19

# അശാന്തിഗീതം

പുഴയൊഴുകുന്ന  നിശ്ചലം നിത്യം
നിറകണ്ണീരൊഴുകിപ്പടർന്നപ്പോൽ
പുഴതന്നാഴവും പരപ്പുമീ ഭൂവിനേ
ജലസമ്പത്തിൽ സമൃദ്ധിയാൽ നിറയ്ക്കുന്നു
ജീവജാലങ്ങൾ കുടിനീരിനായ് നിത്യവും
പുഴകളേതന്നെ ശരണമായ് കാണുന്നു
ആ നീരുറവയെ നശിപ്പിപ്പതിനായ്
രാസപദാർത്ഥങ്ങളൊഴുകുന്ന മാനുഷ്യർ
നീന്തിത്തുടിക്കുമീ മത്സ്യങ്ങളെല്ലാമേ
ചത്തൊടുങ്ങുമീ വിശവെള്ളത്താൽ

20

ജലജീവികളെല്ലാമേ ചത്തൊടുങ്ങിയാൽ
പുഴയുടെ മരണമാണെന്നറിയുക നമ്മൾ
മാലിന്യങ്ങൾ നിറയുന്നൊരി പുഴതൻ
കളകളാരവം നിശ്ചലം ശൂന്യമായ്
എന്നുമിപ്പുഴകൾക്കീഗതിതന്നെയാ
മാറ്റങ്ങളൊന്നും വരില്ലേയൊരിക്കലും

– ദിയ രാജു



2020

21

# ബുദ്ധിമാൻ



ഒരിക്കൽ ഒരു പിതാവ് തന്റെ ആൺമക്കളെയും അരികിൽ വിളിച്ച് അവരോട് ചോദിച്ചു 'മക്കളെ,ഞാൻ നാളെ വരുമ്പോൾ കുറെ അലുവ കൊണ്ടുവരാം. ആരാണ് അത്

തിന്നുക?' അച്ഛന്റെ  ചോദ്യം കേട്ടയുടൻ മൂത്ത മകൻ ചാടി എഴുന്നേറ്റു പറഞ്ഞു 'ഞാൻ തിന്നോളാം അച്ഛാ.' പിതാവ് വീണ്ടും ചോദിച്ചു "ആ പിന്നെ നാളെ തന്നെ കുറച്ചു ലഡുവും വാങ്ങുന്നുണ്ട് അതാരാ തിന്നുക.?" അപ്പോഴും മൂത്ത മകൻ ചാടി പറഞ്ഞു "ഞാൻ തിന്നോളാം. " അച്ഛൻ വീണ്ടും ചോദിച്ചു "ഞാൻ നാളെ വയലിൽ പണിയെടുക്കാൻ പോകുന്നുണ്ട് എന്നെ ആരാ സഹായിക്കുക." അപ്പോൾ മൂത്ത മകൻ പറഞ്ഞു 'അച്ഛൻ പറഞ്ഞ ആദ്യ രണ്ട് കാര്യങ്ങളും ഞാൻ ചെയ്യാം എന്ന് പറിഞ്ഞില്ലേ ഇത് അനിയൻ ചെയ്യട്ടേ.'[എങ്ങനെയുണ്ട് കൂട്ടരേ ഇവന്റെ ബുദ്ധി.]

–ഫാത്തിമ ഷൗക്കത്ത്

# കളിക്കൂട്ടുകാർ




കൂട്ടുകൂടാനായെൻെറ
കൂട്ടുതേടിയണഞ്ഞൊരു
കുഞ്ഞാറ്റക്കിളി
കാറ്റിനോട് കഥമെനഞ്ഞു
കടലിനോട്ടു കളിപറഞ്ഞു
കാടായ കാടെല്ലാം മേടായമേടെല്ലാം
കണ്ണാരംപൊത്തികളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി
കൊക്കുരുമ്മി ചിറകുരുമ്മി
കിലുകിലെ കൊഞ്ചിയിലയ്യും
കിളികൂട്ടിലെന്നെ

കുളിരറിയാതെ

കവിൾചേർത്തുറക്കിയുംകനിവിൻെറ
കനിവാമെൻെറകരളിൻെറ
കുളിരായൻെറ കളിക്കൂട്ടുകാരൻ

– ജെസ്ബെൽ ജോഷി



# നമ്മുടെ പ്രകൃതി


നമ്മുടെ പ്രകൃതി സൗന്ദര്യത്തിൻെറ പ്രതീകമാണ്. പ്രകൃതി ഇല്ലാതെ നാം ഇല്ല. മനുഷ്യർ ഒരുപാട് പ്രകീർത്തിച്ചുകൊണ്ട് കവിതകളും കഥകളും എഴുതി ആസ്വദിച്ചിട്ടുണ്ടെങ്കിലും ഇന്ന് പ്രകൃതിയുടെ ഏറ്റവും വലിയ ശത്രു നാം തന്നെയാണ്. ജീവ ജാലങ്ങളുടെ നിലനിൽപ്പിനാവശ്യമായ പ്രകൃതിയെ ചൂഷണം ചെയ്യുകയാണ് നമ്മുടെ പ്രധാന വിനോദം.

മരങ്ങളാണ് പ്രകൃതിയുടെ ഭടന്മാർ. നാം അടക്കം ജീവജാലങ്ങളെ നിലനിർത്താൻ മരങ്ങൾ സഹായിക്കുമ്പോൾ തന്നെ അവയെ

വെട്ടിനിരത്തുകയും ചെയ്യുന്നു. പിന്നെ ജീവജാലം ഒരിറ്റ് ജലം കുടിക്കാൻ കിട്ടിയില്ലെങ്കിൽ ജീവൻ പോകുമ്പോൾ നാം മരത്തിന് കീഴടങ്ങും. എങ്കിലും ജലത്തെ മലിനമാക്കുന്നത് നാം തന്നെ .

നാം നമ്മുടെ പ്രകൃതിയെ സംരക്ഷിക്കു,സ്നേഹിക്കുക അത് നമ്മെ നാം തന്നെ സംരക്ഷിക്കുന്നതിന് തുല്യമാണ്.

-ഫാത്തിമ ജിസ്ന



27

# കുസൃതി ചോദ്യം

1.സൂര്യനെ കാണുന്നതെപ്പോൾ ?

ഉ. നോക്കുമ്പോൾ

2.സ്കൂൾ വിട്ടാൽ ആൺകുട്ടികളുടെ കണ്ണ്

എവിടെയായിരിക്കും?ഉ.മുഖത്ത്

3.ദുഃഖം വരുമ്പോൾ കരയുന്നത് എന്തുകൊണ്ട് ?

ഉ.ചിരി വരാത്തതുകൊണ്ട്

4.പുറകിൽ തലയുള്ള ജീവി ?

ഉ.മുതല

5.മത്സ്യത്തെ പിടിച്ച് കരയിലിട്ടാൽ

എന്ത് പറ്റും

ഉ. മണ്ണ് പറ്റും

28

6.മരിച്ചയാളുടെ മൂക്കിൽ പഞ്ഞിവയ്ക്കുന്നത് എന്തുകൊണ്ട് ?

ഉ.കൈകൊണ്ട്

7.ര യിൽ തുടങ്ങി ര യിൽ അവസാനിക്കുന്ന വാക്ക്

ഉ.രണ്ടര

8.ENGLISH ലെ അവസാനത്തെ അക്ഷരം എന്ത് ?

ഉ.H

9.നമ്പൂതിരിയും നമ്പൂതിരിപ്പാടും തമ്മിൽ എത്ര വ്യത്യാസമുണ്ട് ?

ഉ.ഒരുപാട്

10.20 അടി ഉയരത്തിൽ നിന്ന് സിമന്റ് തറയിലേക്ക് ഒരു മുട്ടയിട്ടു

29

**പക്ഷെ അതു പൊട്ടിയില്ല എന്തുകൊണ്ട് ?**

**ഉ.ഒരു മുട്ട വീണാൽ പൊട്ടുന്നതല്ല സിമന്റ് തറ**

*-ജോയൽ.സി.സജി*



# ആർക്കുവേണ്ടി ???

പ്രകൃതിയാകുന്ന  ഭൂഗോളത്തിൽ

നാമൊരു   പുൽനാമ്പുമാത്രം

എന്നാൽ  നമ്മൾതൻ വിചാരം

നാമാകുന്നു  വലിയവനെന്ന്

ഭൂമി  മുഴുവൻ

സ്വന്തമാക്കിയിട്ടും

പോകുമൊരിക്കൽ

ഒന്നുമില്ലാതെ

പിന്നെന്തിനിതെല്ലാം

കൂട്ടിവയ്ക്കുന്നു

## ആർക്കുവേണ്ടി!

എന്തിനുവേണ്ടി!
ലോകം മാറുന്നു ജീവിതം മാറുന്നു...
മനുഷ്യൻ മാറുന്നു നാമെല്ലാം മാറുന്നു.
എല്ലാം മാറിമറിഞ്ഞീടുന്നുവെന്നാൽ
അവസാനം നാമൊന്നുമല്ലാതായി മാറുന്നു.

-ശിഖ സുനി



# അച്ഛൻ

അച്ഛൻ ചുമന്ന ചുമടുകളത്രയും
സ്വപ്നങ്ങളത്രയും
മക്കളുടേതായിരുന്നു
ഭാരം കൂടി വച്ചിട്ടോ
വിശ്രമമില്ലാതെ
കിതച്ചിട്ടോ
രാത്രി വൈകീട്ടും
അചഛൻ ചുമച്ചിരുന്നു
മക്കൾക്കായ് മറന്ന
അച്ഛൻറ ജീവിത സ്വപ്നങ്ങൾ
അമ്മ
അമ്മയുടെ ഹൃദയത്തിൽ

സൂക്ഷിച്ചിരുന്നു........

അന്ത്യവിശ്രമം കൊള്ളുന്ന

ആ സ്വപ്നങ്ങൾക്ക് കൂട്ടായ്

അമ്മ

അമ്മയുടെ സ്വപ്നങ്ങളെയും പുതച്ചിരുന്നു...

-സ്മന്യ



34

# മുതലയും പിടക്കോഴിയും

പണ്ട് ഒരു നദീതീരത്ത് ചെമ്പി എന്ന പേരുള്ള ഒരു പിടക്കോഴി താമസിച്ചിരുന്നു. തീറ്റ തേടി അവൾ നദീതീരത്ത് എത്തുക പതിവായിരുന്നു.

ഒരു ദിവസം കുട്ടൻ എന്ന മുതല ചെമ്പി പിടക്കോഴിയുടെ അടുത്തെത്തി. താൻ അവളെ തിന്നാൻ പോവുകയാണെന്നും പറഞ്ഞ് ഭയപ്പെടുത്തി.

പാവം ചെമ്പി താണുകേണു പറഞ്ഞു: 'എന്റെ പൊന്നു സഹോദരാ... എന്നെ

35

തിന്നരുതെ' ചെമ്പിക്കോഴിയുടെ സഹോദരാ... എന്ന വിളികേട്ട് കുട്ടൻ മുതല അത്ഭുതപ്പെട്ടു തിരികെ പോയി.

ആ വിളിയെക്കുറിച്ചായിരുന്നുമുതലയുടെ ചിന്ത....

-ശ്രീലക്ഷ്മി



# കാരണങ്ങൾ

# തേടുന്നു

മുറ്റത്തെ
പനിനീരിതളുകൾ
കൊഴിയവേ



കണ്ണുനീരിറ്റിറ്റുനെരുനെരെ ചിതറവേ
ആകുലയായവൾ നിൽക്കുന്ന നിമിഷമോ
കേൾക്കുന്നു ഉൾക്കാമ്പിൽ നിന്നുമാ ഉൾവിളി

വർഷമേഘങ്ങളെല്ലാം നീങ്ങീടവേ

കാറ്റിനാലിതളുകൾ കളകളം നീങ്ങവേ

അവൾ മറന്നു തൻ ദൗർബല്യമെന്തെന്ന്

അവളോർത്തു തനിക്കായ് ഒരുങ്ങിയ

ധാനങ്ങൾ

തനിക്കാകും ചിരിക്കുവാൻ കരയുവാൻ

തനിക്കാകും നിൽക്കുവാൻ ഓടുവാൻ

എന്നിട്ടുമെന്തേ താൻ ദുഃഖിതയായെന്നതിൽ

വീണ്ടും അതാ അവൾ വ്യാകുലയായീടുന്നു

-ശ്രേയ പി.എസ്

# കൊഴിഞ്ഞു വീഴുന്നൊരില

ഞാൻ കൊഴിഞ്ഞു വീഴുന്നൊരില
പൊലെ,തളർന്നു പോയി നാഥാ..
എന്നിലെ  എന്നെ ഞാൻ  നഷ്ട്ടമാക്കി!
എൻ ജീവിതത്തിൽ വസന്തവും ,
ഗ്രീഷ്മവും വേനലും ഞാൻ
അറിയാതെ എന്നേ കടന്നു പോയി......
എത്രനാൾ ഞാൻ നഷ്ടമാക്കി
കളയുവാൻ  ഇനിയില്ല  ദിനങ്ങൾ എന്നിൽ
തൻ ഓർമ്മകൾ ഊർജമായി

# കുതിക്കും ഞാൻ യേശുവിൻ കൈപിടിച്ച്......

-വിഷ്ണുപ്രിയ



2020

# തനിച്ച്

ഓർമ്മയുടെ ചില്ലയിൽ
കിനാവിൻ്റെ വള്ളികൾ
തളിർക്കുന്നു,പൂക്കുന്നു
നോക്കിനിൽക്കേ കൊഴിയുന്നു
രാത്റിയുടെ കറുപ്പിൽ
നിലാവു തേങ്ങുന്നു,
വെയിലിൻെറ്റ ചൂടിൽ
ഓർമ്മകൾ ഉരുകുന്നു,
ആരെയും കാത്തുനിൽക്കാതെ
ആർക്കും പിടികൊടുക്കാതെ
ആർക്കും വഴികാട്ടാതെ
ആരുടെ വഴിയും പോകാതെ

ഞാനിവിടെ തന്നിച്ചിരിക്കുന്നു


ഓർമ്മയുടെ ചില്ലുകളിൽ നോക്കി

-വൈഷ്ണവ് ചന്ദ്രൻ



# മഴവില്ല്

മഴവില്ലേ മഴവില്ലേ എവിടെയാണ നീ...
വേനൽ കാലം കഴിഞ്ഞല്ലോ
നിന്നെ എന്തേ കാണാത്തെ
ഞങ്ങൾ നിന്നെ തേടുന്ന
ഞങ്ങൾത്ക്ക് നിന്റെ മഴവില്ല്
ആസ്വദിക്കണം
നീ ഞങ്ങളെ തേടി വരുമോ
ഞാൻ നിന്നെ കാത്തിരിക്കുന്നു
മഴവില്ലെ മഴവില്ലെ എവിടെയാണ നീ...



–അഗസ്റ്റസ്സ്

# ഉറുമ്പും പ്രാവും



വേനൽക്കാലത്തെ ഒരു ചൂടുള്ള ദിവസം, ഒരു ഉറുമ്പ് കുറച്ച് വെള്ളത്തിനായി തിരയുകയായിരുന്നു. കുറച്ചു നേരം ചുറ്റിനടന്ന ശേഷം അവൾ നദിക്കരയിൽ വന്നു. വെള്ളം കുടിക്കാൻ അവൾ ഒരു ചെറിയ പാറയിൽ കയറി. വെള്ളം കുടിക്കാൻ ശ്രമിക്കുന്നതിനിടയിൽ അവൾ വഴുതി നദിയിൽ വീണു.

44

ഒരു മരത്തിന്റെ കൊമ്പിൽ ഒരു പ്രാവ് ഇരുന്നു, ഒരു ഉറുമ്പ് നദിയിൽ വീഴുന്നത് കണ്ടു. പ്രാവ് വേഗത്തിൽ ഒരു ഇല പറിച്ചെടുത്ത് സമരം ചെയ്യുന്ന ഉറുമ്പിനടുത്ത് നദിയിലേക്ക് ഇട്ടു. ഉറുമ്പ് ഇലയിലേക്ക് നീങ്ങി അതിലേക്ക് കയറി. താമസിയാതെ, ഇല വരണ്ട നിലത്തേക്ക് നീങ്ങി, ഉറുമ്പ് പുറത്തേക്ക് ചാടി. അവൾ മരത്തിലേക്ക് നോക്കി പ്രാവിനോട് നന്ദി പറഞ്ഞു.

പിന്നീട്, അതേ ദിവസം, തൊട്ടടുത്തുള്ള ഒരു പക്ഷി ക്യാച്ചർ പ്രാവിനെ കുടുക്കുമെന്ന് കരുതി തന്റെ വല വലിച്ചെറിയാൻ പോവുകയായിരുന്നു. ഒരു ഉറുമ്പ് അവനെ കണ്ടു

45

അവൻ ചെയ്യാൻ പോകുന്നത് എന്താണെന്ന് ഊഹിച്ചു. പ്രാവ് വിശ്രമിക്കുകയായിരുന്നു, പക്ഷി ക്യാച്ചറിനെക്കുറിച്ച് അവന് അറിയില്ലായിരുന്നു. ഒരു ഉറുമ്പ് അവനെ കാലിൽ കടിച്ചു. വേദന അനുഭവപ്പെട്ട പക്ഷി ക്യാച്ചർ വല വലിച്ചിട്ട് ഒരു ചെറിയ നിലവിളി പുറപ്പെടുവിച്ചു. പ്രാവ് അത് ശ്രദ്ധിച്ചു വേഗം പറന്നു.

സദാചാരം: നിങ്ങൾ നല്ലത് ചെയ്താൽ നല്ലത് നിങ്ങൾക്ക് ലഭിക്കും. ഒരു നല്ല വഴി മറ്റൊന്നിന് അർഹമാണ്

-ആഷിന ബഷീർ


നന്ദി